"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് മെമ്പർ, ശ്രീമതി ബീന.പി, ക്യാൻസർ രോഗം ബാധിച്ച് വിവിധ ആശുപത്രികളിൽ ചികിത്സ തേടിയതിന് ചെലവായിട്ടുള്ള 7,61,000/ രൂപ ബ്ലോക്കിന്റെ തനതു ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇഎം) വകുപ്പ്

സ.ഉ.(സാധാ) നം.78/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/01/2020

---

പരാമർശം:- 1 കുത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്തിന്റെ 02/07/2019- ലെ 4/028/2019-20 നം. തീരുമാനം.

2 കുത്തുപറമ്പ് ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ തീയതി രേഖപ്പെടുത്താത്ത കത്തും ശ്രീമതി ബീന പി.യുടെ ചികിത്സാരേഖകളും.

3 ഗ്രാമ വികസന കമ്മീഷണറുടെ 04/12/2019 ലെ CRD/13091/2019/DP5 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ ബ്ളോക്ക് പഞ്ചായത്ത് മെമ്പർ, ശ്രീമതി ബീന പി. ക്യാൻസർ രോഗബാധിതയാവുകയും വിവിധ ആശുപത്രികളിൽ ചികിത്സ തേടുകയും നിലവിൽ കൊച്ചി അമൃത ആശുപത്രിയിൽ റക്ടൽ കാൻസർ ചികിത്സാർത്ഥം സർജറിക്ക് വിധേയയാവുകയും ഇതേവരെ 10 ലക്ഷത്തിൽ പരം രൂപ ചികിത്സാ ചെലവ് വരികയും ചെയ്തതായി കുത്തുപറമ്പ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അറിയിക്കുകയും പ്രസ്തുത ചെലവ് തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് പരാമർ ശം (2)- ലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുമുണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ശ്രീമതി ബീനക്ക് പ്രതിദിനം 500 രൂപയുടെ മരുന്ന് വേണമെന്നും പരാമർശിച്ചിട്ടുണ്ട്.

2. കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലും, തലശ്ശേരി

സഹകരണ ആശുപത്രി, പരിയാരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലും ചികിത്സ തേടിയതിന്റെ 7,61,000/-രൂപയുടെ ബില്ലുകളും, ബ്ലോക്ക് പഞ്ചായത്ത് യോഗ തീരുമാനത്തിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം ( 3 ) പ്രകാരം ഗ്രാമവികസന കമ്മീഷണർ ടി വിഷയം ശിപാർശ ചെയ്തിട്ടുമുണ്ട്.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ശ്രീമതി ബീന പി. ക്യാൻസർ രോഗബാധിതയായി വിവിധ ആശുപത്രികളിൽ ചികിത്സ തേടിയ സാഹചര്യം പരിഗണിച്ചും ടിയാളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഗണിച്ചും ടിയാൾക്ക് ചികിത്സാർത്ഥം ചെലവായിട്ടുള്ള 7,61,000/- രൂപ (ഏഴ് ലക്ഷത്തി അറുപത്തിഒന്നായിരം രൂപ മാത്രം) ബ്ലോക്കിന്റെ തനതു ഫണ്ടിൽനിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

സെക്രട്ടറി/ പ്രസിഡണ്ട്, കുത്തുപറമ്പ ബ്ലോക്ക് പഞ്ചായത്ത്.

ശ്രീമതി ബീന.പി. , മെമ്പർ, കുത്തുപറമ്പ ബ്ലോക്ക് പഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ